പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4108

20-03-2018-ലെ

മറുപടിയ്ക്ക്

## കൃഷിക്ക് മിനിമം വേതനം ഉറപ്പാക്കുവാൻ ഉള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ. കൃഷ്ണൻകുട്ടി** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **(എ)** കൃഷിയിൽ ഉല്പാദനച്ചലവിന നുസൃതമായി മിനിമം വരുമാനം ഉറപ്പാക്കുവാൻ എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളത്; | **(എ)** കർഷകർക്ക് ഉത്പാദന ചെലവിനനുസൃതമായി വരുമാനം ഉറപ്പുവരുത്തുന്നതിനായി, കൃഷിവകുപ്പ് വിപണി സംവിധാനം ശക്തിപ്പെടുത്തുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യ വർധനവിനും ആവശ്യമായ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകാതെ ന്യായവില ഉറപ്പുവരുത്തുന്നതിന് കർഷകർക്ക് നേരിട്ട് വില്പന നടത്തുന്ന വിവിധ കർഷക വിപണികൾ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നു. കർഷകർ ജൈവ കൃഷിയിലൂടെയും സദ്കാർഷിക രീതിയിലൂടെയും ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് കൃഷിവകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച "എക്കോഷോപ്പുകൾ" മികച്ചവില ലഭ്യമാക്കിവരുന്നു. പച്ചക്കറി വികസനപദ്ധതിയിൻ കീഴിൽ രൂപീകരിച്ച ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകളും ക്ലസ്റ്ററുകൾ ഉത്പാദിപ്പിക്കുന്ന പച്ചക്കറികളുടെ സംഭരണവും വിപണനവും നടപ്പിലാക്കുന്നു.<br>കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾക്ക് (പഴം, പച്ചക്കറികൾ, നാളികേരം എന്നിവ) വിപണിയിൽ വില തകർച്ച നേരിടുമ്പോൾ സർക്കാർ വിപണിയിൽ ഇടപ്പെട്ട് ന്യായവില നൽകി ഉത്പന്നങ്ങളുടെ സംഭരണം നടത്തുന്നുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കർഷകരിൽ നിന്നും നിശ്ചിത |

വിലയ്ക്ക് നെല്ല് സംഭരണവും നടത്തിവരുന്നു.

സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

പഞ്ചായത്ത് അടിസ്ഥാനത്തിൽ നടക്കുന്ന ആഴ്ച ചന്തകളിലും കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് നല്ല വില ലഭ്യമാക്കുന്നു.

ഓണം, വിഷു മുതലായ ഉത്സവകാലങ്ങളിൽ എല്ലാ പഞ്ചായത്തിലും കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, VFPCK സംയുക്തമായി ഓണ സമൃദ്ധി, വിഷുക്കണി എന്നീ ഉത്സവകാല വിപണികൾക്കായി പഴം പച്ചക്കറികൾ പൊതുവിപണിയിലെ വിലയേക്കാൾ അധികം വില നൽകി കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് അവർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നു.

സപ്ലൈകോ മുഖേന നെല്ല് സംഭരണം നടപ്പിലാക്കിവരുന്നു. റബ്ബറിന് വിപണിയിൽ വില സ്ഥിരത ഉറപ്പാക്കുന്നതിന് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നു.

വ്യക്തിഗതമായും, ഗ്രൂപ്പ് അടിസ്ഥാനത്തിലും സംരംഭകർക്ക് സംസ്കരണ മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം SFAC മുഖേന നൽകിവരുന്നു.

| | | |
|---|---|---|
| **ബി)** | പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിൽ ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട കൃഷി മന്ത്രി നടത്തിയ പ്രസ്താവനകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദമാക്കാമോ; | **(ബി)** 2017 ആഗസ്റ്റ് 17 ന് കേരള നിയമസഭയിൽ ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവനകളിൽ സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു.<br>1. 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷം നാളികേര വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന 55 ഇന പ്രവർത്തനങ്ങൾ ഉൾപ്പെട്ട കർമ്മപദ്ധതിയ്ക്ക് അനുമതി നൽകുകയും ഇതു പ്രകാരമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. 2018-19 വർഷത്തെ ബജറ്റ് കേരവർഷവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>2.കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ കാർഷിക വികസന കർഷകക്ഷേമ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്ന് മനസിലാക്കുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി കൃഷി വകുപ്പ് സോഷ്യൽ |

ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

3. എല്ലാ കൃഷി ഭവനുകളിലും അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. നാളിതുവരെ 200 കൃഷിഭവനുകളിൽ കർമ്മ സേനകൾ രൂപീകരിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ബജറ്റിൽ കാർഷിക കർമ്മ സേനകൾക്കായി 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

5. കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ മാതൃക കൃഷി തോട്ടങ്ങളാക്കി കർഷകരുടെ പഠന സ്കൂൾ ആക്കി മാറ്റുന്നതിനുള്ള പദ്ധതിയ്ക്കായി 2018-19 വർഷത്തെ ബജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

6. ചെറു ധാന്യങ്ങളുടെ കൃഷി വ്യാപനത്തിനും ഇത്തരം വിത്തിനങ്ങളുടെ സംരക്ഷണത്തിനുമായി അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും 2017-18 ൽ 2 കോടി രൂപ വകയിരുത്തി നടപ്പിലാക്കി വരുന്നു. 2018-19 ലും പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ സഹകരണത്തോടെ മില്ലറ്റ് വില്ലേജ് പദ്ധതി തുടരുന്നതാണ്.

7. കർഷകർക്ക് അവകാശ ലാഭം നൽകുകയെന്ന സർക്കാരിന്റെ ഉദ്ദേശ്യത്തിന് GST നിലവിൽ വന്നത് വിഘാതമായി മാറിയിരിക്കുന്ന സാഹചര്യത്തിൽ എന്ത് ചെയ്യാനാകുമെന്ന് സർക്കാർ പരിശോധിക്കുന്നതാണ്.

8. കേരളത്തിൽ കൃഷി ചെയ്തുവരുന്ന നെല്ല് പോലുള്ള പ്രധാന വിളകളുടെ പരമ്പരാഗത നാടൻ ഇനങ്ങളുടെ സംരക്ഷണത്തിനായി കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സീഡ് ബാങ്ക് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിനായി നടപ്പ സാമ്പത്തിക വർഷം 2 കോടി രൂപ കൃഷി വകുപ്പ് കേരള കാർഷിക സർവ്വകലാശാലയ്ക്ക് നൽകിയിട്ടുണ്ട്.

9. സംസ്ഥാന വെജിറ്റബിൾ ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

10. ആധുനിക വിവര സാങ്കേതികവിദ്യാ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി ശാസ്ത്രീയ കൃഷി മുറകൾ, ഉത്പാദനോപാധികൾ, വിപണനം തുടങ്ങിയ സംബന്ധിച്ച വിവരങ്ങൾ വിരൽ തുമ്പിൽ ലഭ്യമാകുന്ന പോർട്ടൽ SFAC മുഖേന "കാർഷിക വിവര സങ്കേതം ഒരു വിരൽ തുമ്പിൽ" എന്ന പേരിൽ ആരംഭിച്ചുകഴിഞ്ഞു.

11. സംസ്ഥാന വില നിർണ്ണയ ബോർഡ്, WTO സെല്ല് എന്നിവയുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുമായി

| | | |
|---|---|---|
| | | പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാന വില നിർണ്ണയ ബോർഡ് ശക്തിപ്പെടുത്തുന്നതിനായി ഡോ. രാജശേഖരനെ നിയമിച്ചിട്ടുണ്ട്.<br>12. കൃഷി വകുപ്പ് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുന:സംഘടനയ്ക്കുമുള്ള ചർച്ച നടന്നുവരുന്നു. |
| **(സി)** | കർഷക ക്ഷേമ ബോർഡ് ബിൽ ഈ സമ്മേളനത്തിൽ തന്നെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കുമോ? | **(സി)** കർഷകക്ഷേമ ബോർഡിന്റെ കരട് ബില്ല് നിയമ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം നിയമസഭയിൽ അവതരിപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**